शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें



# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 6 — അടിസ്ഥാനപാഠാവലി — സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1

മനോഹരമായ ധാരാളം പ്രകൃതി ചിത്രങ്ങൾ ഉള്ള സച്ചിദാനന്ദന്റെ 'വേഗമുറങ്ങു' എന്ന കവിത പഠിച്ചല്ലോ. മറ്റൊരു കവിത നോക്കൂ.

എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി-
ച്ചുല്ലാസം കോലുവാൻ കാലമായി
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ,
വെള്ളക്കിടക്ക വിരിച്ചു നീളേ
മാന്തളിർ തിന്നു മദിച്ചോരിളം കുയിൽ
പൂന്തേൻ കുഴമ്പാൽ നിൻ കർണ്ണയുഗ്മം
പാടേ നിറപ്പാനായ്, ത്തൻഗളനാദത്താ-
ലോടക്കുഴലിടയ്ക്കൂതിടുന്നു.
സ്വച്ഛസമീരനെന്നോമനക്കുട്ടന്റെ
നൽച്ചെങ്കുരുന്നൊളി മെയ് തലോടാൻ
പിച്ചകമുല്ലപ്പൂന്തൊങ്ങൽ ചലിപ്പിച്ചു
പിച്ച നടന്നിതാ വന്നിടുന്നു.

- വള്ളത്തോൾ നാരായണമേനോൻ

*സൂചനകൾ*

- വെള്ളിച്ചാറുപോലുള്ള നിലാവിന്റെ വെള്ളക്കിടക്ക
- ഇരു ചെവികൾക്കും തേൻ കുഴമ്പാകുന്ന ഇളം കുയിലിന്റെ ഓടക്കുഴൽ നാദം.
- പൂങ്കുലകളെ ചലിപ്പിച്ചുകൊണ്ട് കുട്ടിയുടെ മെയ് തലോടുന്ന ഇളം കാറ്റ്.

എ. മുകളിൽ കൊടുത്ത വള്ളത്തോൾ കവിതയിലെയും സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിതയിലെയും പ്രകൃതി വർണനകളെ **താരതമ്യം ചെയ്ത് കുറിപ്പ്** തയാറാക്കൂ.

ബി. 'വേഗമുറങ്ങൂ' എന്ന കവിതയിൽ കൊന്നപ്പൂവായി കവി കല്പിച്ചിരിക്കുന്നത് എന്തിനെയാണ്?

പ്രവർത്തനം 2

തേങ്ങ എന്ന കഥ പഠിച്ചല്ലോ. തമിഴ്നാട്ടുകാരി അക്കമ്മ പറമ്പിൽ ചിതറിക്കിടക്കുന്ന തേങ്ങകൾ പെറുക്കിക്കൂട്ടുന്നതിലൂടെ തെങ്ങിനോടും കൃഷിയോടുമുള്ള അടുപ്പവും ആദരവും പ്രകടിപ്പിക്കുന്നു. കൃഷിയെക്കുറിച്ച് വൈലോപ്പിള്ളി എഴുതിയ വരികൾ വായിക്കൂ.

> "പണ്ടുതൊട്ടിന്നോളവുമീമലനാട്ടിൻകുന്നിൻ
> പള്ളയും കാടും വെട്ടി നിരത്തി തണ്ണീർ തേവി
> വയലും തോപ്പും കായ്പൂന്തോട്ടവും വിരിയിച്ച
> വലിയോർകളാം വീരപൂർവ്വികരുടെ രക്തം"

നെല്ലിനേയും പച്ചക്കറികളെയും സ്വന്തം കുടുംബാംഗങ്ങളെപ്പോലെ സംരക്ഷിച്ചവരായിരുന്നു കേരളീയർ. കൃഷിയിൽ നിന്ന് മനുഷ്യന് സംതൃപ്തി ലഭിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ ചിന്തകൾ എന്തെല്ലാമാണ്? വിദ്യാലയകൃഷിയുടെ അനുഭവങ്ങൾ കൂടി ചേർത്ത് "നാം - നമ്മുടെ കൃഷി" എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയാറാക്കുക.

ബി. മൊട്ടക്കുന്ന് - മൊട്ടയായ കുന്ന്

എങ്കിൽ

അനാഥക്കുഞ്ഞുങ്ങൾ - . . . . . . . . . . . . . . .

പ്രവർത്തനം 3

ഊഞ്ഞാൽപ്പാട്ട് എന്ന കവിതയിലൂടെ കവി കടമ്മനിട്ട രാമകൃഷ്ണനെ പരിചയപ്പെട്ടല്ലോ? ചൊൽക്കാഴ്ചകളുടേയും കവിയരങ്ങിന്റെയും കവിയായിരുന്നല്ലോ അദ്ദേഹം. അദ്ദേഹത്തെക്കുറിച്ചുള്ള മറ്റ് ചില സൂചനകൾ നോക്കൂ.

1935–2008 പത്തനംതിട്ട കടമ്മനിട്ട ഗ്രാമം

കവി, കലാകാരൻ, പരിസ്ഥിതി സ്നേഹി, ഗ്രന്ഥശാല പ്രവർത്തകൻ



കുറത്തി, പുരുഷസൂക്തം, കോഴി, . . . .

കവിയരങ്ങ്, ചൊൽക്കാഴ്ച, പടയണി - താളബോധം

കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ്

**കടമ്മനിട്ട രാമകൃഷ്ണൻ**

ആറന്മുള നിയമസഭാംഗം

> "കണ്ണുവേണമിരുപുറമെപ്പൊഴും
> കണ്ണുവേണം മുകളിലും താഴെയും
> കണ്ണിലെപ്പോഴും കത്തിജ്ജ്വലിക്കുമുൾ-
> ക്കണ്ണുവേണം അണയാത്ത കണ്ണ്" . . . . . .

ഇതുപോലുള്ള വരികൾ ഓർമ്മയിലുണ്ടോ?

എ. അറിയാവുന്ന മറ്റ് കാര്യങ്ങളും കൂട്ടിചേർത്ത് കടമ്മനിട്ട രാമകൃഷ്ണന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.

ബി. മാതൃകപോലെ എഴുതുക.

താമര + തണ്ട് - താമരത്തണ്ട്

ഓമന + കണ്ണൻ - . . . . . . . . . . .

**പ്രവർത്തനം 4**

താഴെക്കൊടുത്തിരിക്കുന്ന കവിതാഭാഗം വായിക്കൂ.

## ഉപ്പ

"മദ്രസവിട്ടോടിവന്നു
ഞാൻ കരഞ്ഞ നാളിൽ
ചിത്രപുസ്തകങ്ങൾ തന്ന്
കൂട്ടിരുന്നെന്നുപ്പ.
ബൈക്കുമുട്ടി പ്ലാസ്റ്ററിട്ട്
ഞാൻ കിടന്ന മാസം
ഒപ്പരം കിടന്നു കഥ
ചൊല്ലിത്തന്നെന്നുപ്പ.
മുത്തുനബിപ്പോർക്കഥകൾ
ബുദ്ധസന്ദേഹങ്ങൾ
കൃഷ്ണദൂത്, സീതാവ്യഥ,
ക്രിസ്തുസഞ്ചാരങ്ങൾ
ഒക്കെയുംപിഴിഞ്ഞൊഴിച്ച്
ജ്ഞാനദാഹം മാറ്റി
സ്വപ്നസ്വിച്ചിൽ സ്പർശിച്ചെന്നും
വെട്ടമിട്ടെന്നുപ്പ".

*- കുരീപ്പുഴ ശ്രീകുമാർ*

- ചിത്രപുസ്തകങ്ങൾ കൊടുത്ത് സ്നേഹം പ്രകടമാക്കുന്ന ഉപ്പ.
- രസകരവും അറിവു നൽകുന്നതുമായ കഥകളിലൂടെ സ്നേഹം പകരുന്ന ഉപ്പ

എ. കുട്ടിയും അച്ഛനും തമ്മിലെ സ്നേഹബന്ധം സൂചിപ്പിക്കുന്ന 'ഊഞ്ഞാൽപ്പാട്ട്' എന്ന കവിത പഠിച്ചല്ലോ.

മുകളിൽ കൊടുത്ത കവിതയിലെ ആശയം **വിശകലനം** ചെയ്തു കുറിപ്പ് തയാറാക്കൂ.

ബി. 'ചെറ്റകന്നു നിറഞ്ഞുതുളുമ്പി
നിൽക്കയാണൊരു പ്രാർഥനാനാളം'.

പ്രാർഥനാനാളം എന്നതുകൊണ്ട് ഊഞ്ഞാൽപ്പാട്ട് എന്ന കവിതയിൽ കവി ഉദ്ദേശിച്ചത് ആരെയാണ്?

(അച്ഛനെ, അമ്മയെ, അനുജത്തിയെ, പൂമ്പാറ്റയെ)

പ്രവർത്തനം 5

"ഇപ്പൊ നിന്നെ കണ്ടാ നിന്റെ പെറ്റമ്മ പോലും തിരിച്ചറിയില്ല." - നാണിച്ച് തല താഴ്ത്തി നിൽക്കുന്ന പത്ത് വയസ്സുകാരി അക്കമ്മ നിങ്ങളുടെ മനസ്സിലുണ്ടല്ലോ?

അന്യനാട്ടിൽ നിന്നും തൊഴിലന്വേഷിച്ച് ഒരു വലിയ ബംഗ്ലാവിൽ എത്തി, വരങ്ങ പെറുക്കിക്കൂട്ടിയും മറ്റ് പണികൾ ചെയ്തുകാലം കഴിച്ചു കൂട്ടിയ അക്കമ്മ. കുറേ നാളുകൾക്കുശേഷം അവർ സ്വന്തം നാട്ടിലേക്ക് തിരികെപോയി. എന്തൊക്കെ വിശേഷങ്ങളാവും അവൾ അവളുടെ അമ്മയുമായി പങ്കുവച്ചിട്ടുണ്ടാവുക. അവരുടെ സംഭാഷണം എഴുതുക.

ബംഗ്ലാവിലെ അവളുടെ ജീവിതാനുഭവങ്ങൾ ചേർക്കുമല്ലോ.

****